# ഗ്രാമവികസന കമ്മീഷണറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം.

(ഹാജർ : അജിത് ദാസ്.എ)

ഗ്രാമവികസന വകുപ്പ്-ജീവനക്കാര്യം - ശ്രീമതി. ഷീജ. എസ്, ക്ലാർക്ക്, ഇടപ്പള്ളി ബ്ലോക്ക്- സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

---

ഉത്തരവ് നം. : 8381/എസ്റ്റാ. സി 3/2018/സിആർഡി. തീയതി, 11/04/2019.

---

പരാമർശം :- 1. എറണാകുളം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)-ന്റെ ആർഡി 3/1015/18 നമ്പർ കത്ത്.

2. ഈ ഓഫീസിലെ 02/12/2005-ലെ എസ്റ്റാ. എ4/7042/2005/സി.ആർ.ഡി. നമ്പർ നടപടിക്രമം.

## ഉത്തരവ്.

എറണാകുളം ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ആഫീസറുടെ 31/08/1996-ലെ നിയമന ശിപാർശ കത്ത് പ്രകാരം ഗ്രാമവികസന വകുപ്പിൽ എറണാകുളം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. ഷീജ.എസ്, 16/10/1996-ന് പൂർവ്വാഹ്നം ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ക്ലാർക്ക് തസ്തികയിൽ നിരീക്ഷണ കാലം പൂർത്തീകരിക്കുന്നതിന് മുമ്പ് 11/07/1997 മുതൽ 03/09/2001 വരെ, കെ.എസ്.ആർ, ഭാഗം-1 അനുബന്ധം XII C -യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും 04/09/2001-ന് പൂർവ്വാഹ്നം ജോലിയിൽ പ്രവേശിക്കുകയും ചെയ്ത മേൽ ജീവനക്കാരിയുടെ നിരീക്ഷണകാലം എറണാകുളം ജില്ലാ കളക്ടറുടെ 23/01/2004-ലെ ആർഡി2/3712/2003 നമ്പർ ഉത്തരവ് പ്രകാരം 18/12/2003 പൂർവ്വാഹ്നം മുതൽ പ്രാബല്യത്തിൽ പൂർത്തീകരിച്ചതായി ഉത്തരവായിട്ടുണ്ട്. എന്നാൽ നാളിതുവരെ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ടിയാരി ഉൾപ്പെട്ടിട്ടില്ലെന്നും അതിനാൽ ടിയാരിയെ ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും എറണാകുളം അസിസ്റ്റന്റ് ഡെവലപ്മെന്റ്കമ്മീഷണർ (ജനറൽ) പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

11/07/1997 മുതൽ 03/09/2001 വരെ ശൂന്യവേതനാവധിയിൽ ആയിരുന്ന ടി ജീവനക്കാരി പുതിയതായി ജോലിയിൽ പ്രവേശിച്ച 04/09/2001-ന് പൂർവ്വാഹ്നം മുതൽ 17/12/2003 വൈകുന്നേരം വരെ നിരീക്ഷണ കാലം പൂർത്തീകരിക്കുന്നതിനാവശ്യമായ രണ്ടു വർഷത്തെ

സേവനം പൂർത്തിയാക്കുകയും 18/12/2003 –ന് പൂർവ്വാഹ്നം പ്രാബല്യത്തിൽ ടിയാരിയുടെ ക്ലാർക്ക് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ക്ലാർക്ക് തസ്തികയിൽ ടിയാരിക്ക് 04/09/2001 മുതൽ സീനിയോറിറ്റി അനുവദിച്ചും, ഈ ആഫീസിലെ പരാമർശം (2) ഉത്തരവ് പ്രകാരമുള്ള ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ, ടി ജീവനക്കാരി പുതിയതായി ജോലിയിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് സർക്കാർ ഉത്തരവിനാൽ നിയമിക്കപ്പെട്ട ശ്രീ. ബിനോജ്.ഡി-ക്ക് (സീനി. നം. 64) തൊട്ടുതാഴെയായും ടിയാരി ജോലിയിൽ പുതിയതായി പ്രവേശിച്ചതിന് തൊട്ടുപിൻപ് പി.എസ്.സി. മുഖാന്തിരം നിയമിക്കപ്പെട്ട ശ്രീ. ഉദയകുമാർ.എം-ന് (സീനി.നം.65) തൊട്ടുമുകളിലുമായി ടി ജീവനക്കാരിയുടെ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നം. 64 എ എന്ന് നിർണ്ണയിച്ചും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

വ്യക്തിക്ക് (ഇടപ്പള്ളി ബി.ഡി.ഒ മുഖാന്തിരം)

പകർപ്പ് :-

1. എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും.
2. എല്ലാ വികസന പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും.
3. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും.
4. എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും.
5. ഗ്രാമവികസന കമ്മീഷണറുടെ സി.എ.ക്ക്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

ജെബി 09.04.19